ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: lsgd.kerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

LSGD/PD/12744/2025-SWAG5 തീയതി: 05-08-2026

പ്രിൻസിപ്പൽ ഡയറക്ടർ

എല്ലാ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും
(ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേനെ)

സർ/മാഡം ,

വിഷയം: ത.സ്വ.ഭ.വ. - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ദുരന്ത നിവാരണം – വെള്ളപ്പൊക്കം / പ്രകൃതിദുരന്തങ്ങൾ എന്നിവയെത്തുടർന്ന് അടിഞ്ഞുകൂടുന്ന മാലിന്യങ്ങളും അവശിഷ്ടങ്ങളും അടിയന്തരമായി നീക്കം ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:
1. സ.ഉ.(ആർ.ടി) നം. 3007/2025/LSGD, തീയതി: 19-12-2025 (പ്രളയാനന്തര മാലിന്യ സംസ്കരണ പ്രോട്ടോക്കോൾ)
2. സ.ഉ.(സാധാ) നം. 1427/2024/LSGD, തീയതി: 03-08-2024
3. 2005-ലെ ദേശീയ ദുരന്തനിവാരണ നിയമം (Central Act 53 of 2005)
4. ഓറഞ്ച് ബുക്ക് 2026 (എട്ടാം പതിപ്പ്, 11 ജൂൺ 2026)

സംസ്ഥാനത്ത് തുടരുന്ന കനത്ത മഴ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ കാരണം വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിലും ഉണ്ടാകുന്ന അടിയന്തര ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, ശുചീകരണം, മാലിന്യ നീക്കം, ദുരന്താവശിഷ്ട നിർമ്മാർജ്ജനം എന്നിവ സുഗമമായും ശാസ്ത്രീയമായും ഏകോപിപ്പിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങളും പ്രോട്ടോക്കോളും അടിയന്തരമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

1.പ്രകൃതിക്ഷോഭം മൂലം മാറി താമസിക്കേണ്ടി വന്നവരുടെ വീടുകൾ, കൂടാതെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവയിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് വാസയോഗ്യമാക്കുന്നതിന്റെ പൂർണ്ണ ചുമതല അതാത് തദ്ദേശ സ്ഥാപനങ്ങൾക്കായിരിക്കും. വെള്ളമിറങ്ങിയ ഉടൻ തന്നെ അടിയന്തര ശുചീകരണ പ്രവൃത്തികളിൽ ഏർപ്പെടേണ്ടതാണ്. കുടിവെള്ള സ്രോതസ്സുകളായ കിണറുകൾ ആരോഗ്യവകുപ്പിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം സൂപ്പർ ക്ലോറിനേഷൻ നടപ്പിലാക്കി ഉപയോഗയോഗ്യമാക്കണം.

2.തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏതൊക്കെ മാലിന്യങ്ങൾ എത്ര അളവിൽ ഉണ്ടാകാൻ സാധ്യത ഉണ്ട് എന്നതിൻറെ കണക്കെടുപ്പ് വെള്ളമിറങ്ങി 48 മണിക്കൂറിനകം നടത്തിയിരിക്കണം. ഇവ മാറ്റുവാൻ സന്നദ്ധ പ്രവർത്തകരുടെ സേവനം പരമാവധി വിനിയോഗിക്കുക. ശുചിത്വ മിഷന്റെ

സാങ്കേതിക മേൽനോട്ട സഹായം ഉറപ്പാക്കുക.

3.പ്രളയ ബാധിത പ്രദേശങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഏകോപനം ശുചിത്വ മിഷൻ നിർവ്വഹിക്കേണ്ടതാണ്.

4.പ്രളയ ബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്തണം.

5.പ്രളയബാധിത പ്രദേശങ്ങളിലും ക്യാമ്പുകളിലും തരംതിരിച്ച മാലിന്യ ശേഖരണത്തിനായി ആവശ്യമായ ബിന്നുകൾ സ്ഥാപിക്കണം.

6.ദുരന്തമേഖലകളിലെ വീടുകളിൽ, സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേനയുടെയും സന്നദ്ധപ്രവർത്തകരുടെയും സഹായത്തോടെ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് താത്കാലിക ശേഖരണത്തിനായി അനുയോജ്യമായ ഗ്രൗണ്ട്,ആഡിറ്റോറിയങ്ങൾ,ഷെഡുകൾ തുടങ്ങിയ സ്ഥലങ്ങൾ കണ്ടെത്തി അവിടെ ശേഖരിക്കുകയും തുടർന്ന് കാലതാമസമില്ലാത്ത വിധം ക്ലീൻ കേരള കമ്പനി (CKCL)/ മറ്റ് അംഗീകൃത ഏജൻസികൾ മുഖേന 14 ദിവസത്തിനകം നീക്കം ചെയ്യേണ്ടതുമാണ്. പുനരുപയോഗത്തിന് അനുയോജ്യമായവ പ്രത്യേകം തരം തിരിച്ച് അയക്കുകയും വേണം. തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ക്ലീൻ കേരള കമ്പനി യുമായി ബന്ധപ്പെട്ട് ആയതു ഉറപ്പ വരുത്തേണ്ടതാണ്.

7.ക്യാമ്പുകളിൽ ജൈവ/അജൈവ/സാനിറ്ററി മാലിന്യ ശേഖരണത്തിന് ബിന്നുകൾ സ്ഥാപിക്കുകയും, ആവശ്യാനുസരണം ബയോ-ടോയ്‌ലറ്റുകളും സോക്ക് പിറ്റുകളും നിർമ്മിക്കുകയും വേണം. തെർമോകോൾ/പ്ലാസ്റ്റിക് നിരോധിച്ച് ഡിസ്പോസിബിൾ പാത്രങ്ങൾക്ക് പകരം സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസുകളും ഉപയോഗിക്കേണ്ടതാണ്.

8.ക്യാമ്പുകളിലെ ഭക്ഷണ അവശിഷ്ടങ്ങൾ അപ്പപ്പോൾ തന്നെ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് അല്ലെങ്കിൽ ഇൻ-സിറ്റു സൗകര്യങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയമായി സംസ്കരിക്കണം.

9.ഏതൊക്കെ തരം മാലിന്യങ്ങളാണ് കൈകാര്യം ചെയ്യാനുള്ളത് എന്നതിൻറെ ലിസ്റ്റ് ഉണ്ടാക്കുക. പൊതുവിൽ താഴെ പറയുന്ന മാലിന്യങ്ങളാണ് ഒരു ദുരന്തത്തിൽ ഉണ്ടാകുന്നത്

a. പൊളിഞ്ഞു പോയതോ പൊളിച്ചു കളയുന്നതോ ആയ കെട്ടിടത്തിൻറെ അവശിഷ്ടങ്ങൾ
b. മരത്തിൻറെ ഉരുപ്പടികൾ (കേട്പാടുവന്ന ഫർണിച്ചർ, മേശകൾ, കസേരകൾ, വാതിൽ, ജന്നൽ)
c. പ്രളയജലത്തിലോ, ഉരുൾപൊട്ടലിലോ നനഞ്ഞതും ചളികയറിയതുമായ ബഡ്ഡുകൾ, സോഫകൾ
d. പ്ലാസ്റ്റിക് വസ്തുക്കൾ
e. വസ്ത്രങ്ങൾ
f. പേപ്പർ
g. ചീത്തയായ ഭക്ഷണ വസ്തുക്കളും ഫ്രിഡ്ജിൽ ഉണ്ടായിരുന്ന മറ്റു വസ്തുക്കളും
h. ഫ്രിഡ്ജ്, വാഷിങ് മെഷീൻ, തുടങ്ങിയ വൈറ്റ് ഗുഡ്സ്
i. കമ്പ്യൂട്ടർ, മൊബൈൽഫോൺ, ഇൻവെർട്ടർ, സോളാർ തുടങ്ങിയ ഇലക്ട്രോണിക് വേസ്റ്റ്

j.വീട്ടിലും ആശുപത്രിയിലും ഫാർമസിയിലും ഉള്ള മരുന്നുകൾ

k.ലോബോറട്ടറികളിൽ ഉള്ള രാസ വസ്തുക്കൾ

l. വളക്കടകളിലും മറ്റുമുള്ള കീട നാശിനികൾ

m. ഫാക്ടറികളിലും മറ്റും ഉണ്ടായിരുന്ന രാസ പദാർത്ഥങ്ങൾ

n. മൃഗങ്ങളുടെ മൃതദേഹങ്ങൾ

o. മറിഞ്ഞു വീണതും ചീഞ്ഞു പോയതും ആയ മരങ്ങൾ

p. കേടായ വാഹനങ്ങൾ

10.അംഗീകൃത ദുരന്തം ബാധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപ എന്ന നിലയിൽ ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുവാൻ ജില്ലകൾക്ക് 2245-02-101-94-Flood-Other itemsൽ നിന്നും വഹിക്കാവുന്നതാണ്. ***ഓറഞ്ച് ബുക്ക്-6.4.2. പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആയത് പ്രകാരമുള്ള തുക വിനിയോഗിക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.***

11.മൃഗസംരക്ഷണ വകുപ്പ്, ശുചിത്വ മിഷൻ എന്നിവരുമായി ആലോചിച്ച് ജീവഹാനി സംഭവിച്ച മൃഗങ്ങളെ കുടിവെള്ള സ്രോതസ്സുകളിൽ നിന്ന് സുരക്ഷിതമായ അകലത്തിൽ ആഴത്തിൽ കുഴിയെടുത്ത് ശവശരീരങ്ങൾ ശാസ്ത്രീയമായി മറവ് ചെയ്യണം.

12.ക്യാമ്പുകളിൽ നിന്നോ ദുരന്തമേഖലകളിൽ നിന്നോ ഉണ്ടാകുന്ന സാനിറ്ററി/ബയോമെഡിക്കൽ മാലിന്യങ്ങൾ IMAGE അല്ലെങ്കിൽ KEIL/ഇൻസിനറേറ്ററുകൾ വഴി സംസ്കരിക്കുന്നു എന്ന് ഉറപ്പാക്കണം.

13.ശുചീകരണത്തിനായി വാർഡ് തലത്തിൽ വോളണ്ടിയർ ടീമുകൾ രൂപീകരിക്കണം. എൻ.എസ്.എസ്, എൻ.സി.സി, സന്നദ്ധ സംഘടനകൾ, യുവജന പ്രസ്ഥാനങ്ങൾ, ഹരിതകർമ്മ സേനാംഗങ്ങൾ, കുടുംബശ്രീ എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്. ആളുകളുടെ കുറവുണ്ടെങ്കിൽ മറ്റ് സംസ്ഥാന തൊഴിലാളികളെ ദിനബത്ത/ദിവസവേതനാടിസ്ഥാനത്തിൽ ശുചീകരണ ജോലിക്ക് നിയോഗിക്കാവുന്നതാണ്.

14.അടിയന്തര ആവശ്യങ്ങൾക്കായി ജെ.സി.ബി, ടിപ്പർ വാടകയ്ക്കെടുക്കൽ, അണുനശീകരണ സാധനങ്ങൾ വാങ്ങൽ, ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ തുടങ്ങിയവ (ആരോഗ്യവകുപ്പിൽ നിന്നും സൗജന്യമായി ലഭിക്കാത്ത പക്ഷം) തദ്ദേശ സ്ഥാപനങ്ങൾക്ക് പുറത്തുനിന്ന് വാങ്ങാവുന്നതാണ്. ഇതിനായി തനത് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്.

15.മാലിന്യ നീക്കത്തിൽ പങ്കാളികളാകുന്ന ശുചീകരണ തൊഴിലാളികൾ, ഹരിതകർമ്മ സേനാംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് ഗ്ലൗസ്, ബൂട്ട്സ്, മാസ്ക്, PPE കിറ്റുകൾ എന്നിവ നിർബന്ധമായും ലഭ്യമാക്കണം. ഇവർക്ക് ആവശ്യമായ അണുനാശിനികളും പ്രതിരോധ മരുന്നുകളും പകർച്ചവ്യാധി നിവാരണ വാക്സിനുകളും നൽകുന്നുവെന്ന് അതാത് മെഡിക്കൽ ഓഫീസർമാർ വഴി ഉറപ്പുവരുത്തണം.

16.പ്രളയ സാഹചര്യം പൂർണ്ണമായി മാറുന്നത് വരെ ദുരന്ത നിവാരണ മാലിന്യ സംസ്കരണ ചാർജ്ജ്

ഓഫീസറെ ഓരോ തദ്ദേശ സ്ഥാപനത്തിലും ചുമതലപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
Dr. Divya S Iyer IAS
PRINCIPAL DIRECTOR

ഉള്ളടക്കം : ഓറഞ്ച് ബുക്ക് 2026 (എട്ടാം പതിപ്പ്, 11 ജൂൺ 2026), പ്രളയാനന്തര മാലിന്യ സംസ്കരണ പ്രോട്ടോക്കോൾ

പകർപ്പ് : MD ക്ലീൻ കേരളാ കമ്പനി, ED ശുചിത്വ മിഷൻ

Digitally signed by
DIVYA S IYER
Date: 05-08-2026
17:40:00